(ബി) മേൽപ്പറഞ്ഞ തോട്ടം ഉടമകളുടെ 1951, 52, 53, 54 വർഷങ്ങളിലെ ലാഭം എന്താണ്;

(സി) പ്രസ്തുത കമ്പനിക്കാരുടെ തോട്ടങ്ങൾ ഏതെങ്കിലും നാട്ടുകാർ കഴിഞ്ഞ വർഷങ്ങളിൽ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തോട്ടങ്ങളാണ് വാങ്ങിയിട്ടുള്ളതെന്ന് പറയാമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) അപ്രകാരമുള്ള തോട്ടങ്ങളുടെ വിവരങ്ങളും വിസ്തീർണ്ണവും അടങ്ങിയിട്ടുള്ള ഒരു † സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. നിലവിലിരിക്കുന്ന കാർഷികാദായനികുതി ആക്ടനുസരിച്ച് ലാഭം എന്താണെന്ന് വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(ബി) മേൽ പ്രസ്താവിച്ച ആക്ടനുസരിച്ച് ഈ വിവരം വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(സി) ഇതുസംബന്ധിച്ച് യാതൊരു വിവരവും ഗവണ്മെൻറിനു കൈവശമില്ല.

ഉദ്യോഗസ്ഥാഴിമതി.

* 662. [22] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്നേവരെ തിരുവിതാംകൂറിലും, കൊച്ചിയിലും, തിരുവിതാംകൂർ–കൊച്ചിയിലുമായി ആകെ ഉദ്യോഗസ്ഥാഴിമതിയെ സംബന്ധിച്ച് എത്ര പരസ്യാന്വേഷണങ്ങൾ നടന്നിട്ടുണ്ട്; ഏതെല്ലാം;

(ബി) അവയിൽ പോലീസ് Excesses-നെ സംബന്ധിച്ചവ എത്ര; ഏതെല്ലാം;

(സി) ബി; വിഭാഗത്തിൽപ്പെട്ടവയിൽ എത്ര എണ്ണത്തിൽ സംബന്ധപ്പെട്ടവരെ ശിക്ഷയ്ക്കു വിധേയമാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി തോവിന്ദമേനോൻ):

(എ, ബി & സി) ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം തിരുവിതാംകൂറിലും, കൊച്ചിയിലും, തിരുവിതാംകൂർ–കൊച്ചിയിലും ഇതുവരെ ഉദ്യോഗസ്ഥാഴിമതിയെ സംബന്ധിച്ച് എത്ര പരസ്യാന്വേഷണം നടത്തിയിട്ടുണ്ടെന്നും, അതിൽ പോലീസ് എക്സസിനെ സംബന്ധിച്ചവ എത്രയെന്നും, ഏതെല്ലാം എന്നും, ബി. വിഭാഗത്തിൽപ്പെട്ടവരിൽ സംബന്ധപ്പെട്ടവരെ എത്രപേരെ ശിക്ഷയ്ക്കു വിധേയരാക്കിയിട്ടുണ്ടെന്നും ഉള്ള വിവരങ്ങൾ ക്ലിപ്തസമയത്തിനകത്ത് ശേഖരിക്കുന്നതിനുള്ള വിഷമം കൊണ്ട് മറുപടി പറയാൻ നിവൃത്തിയില്ല.

† Please see Appendix.

LIBRARY ARCHIVES Kerala Legislative Assembly